## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6099.

07-11-2016 ൽ മറുപടിയ്ക്ക്

## അരിയുടെ ആഭ്യന്തര ഉല്പാദനം

**ചോദ്യം**
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ആവശ്യമുള്ള അരിയുടെ എത്ര ശതമാനമാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ ജനസംഖ്യ കണക്ക പ്രകാരം ഏകദേശം 40 ലക്ഷം മെ.ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം ഇതിന്റെ 20 ശതമാനത്തിൽ താഴെയാണ്. |
| (ബി) | അടുത്ത വർഷത്തെ ഓണത്തിന് ആവശ്യമായ അരിയുടെ ഭൂരിഭാഗവും സംസ്ഥാനത്ത് ഉല്പാദിപ്പിക്കത്തക്ക തരത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 5 വർഷം കൊണ്ട് നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ |

| | | | |
|---|---|---|---|
| | | | 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്.<br>നെല്ലുൽപ്പാദന വളർച്ച ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ചുവടെ ചേർക്കുന്ന നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നു:-<br>1. സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം<br>4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)<br>7. കാർഷിക സൌജന്യ വൈദ്യുതി പദ്ധതി.(നോൺ പ്ലാൻ)<br>8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM)<br>9. ആർ.കെ.വി.വൈ പദ്ധതി<br>10. **തരിശുനിലങ്ങളിൽ നെൽകൃഷി** |
| (സി) | സംസ്ഥാനത്ത് നടന്നുവരുന്ന കര നെൽകൃഷിയുടെ പുരോഗതി അറിയിക്കുമോ? | (സി) | സംസ്ഥാനത്ത് ഈ സാമ്പത്തികവർഷം കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. 2560 ഹെക്ടർ സ്ഥലത്താണ് ഈ വർഷം പദ്ധതിക്കായി ലക്ഷ്യമിട്ടിരുന്നതെങ്കിലും 2663.16 ഹെ. സ്ഥലത്ത് പദ്ധതി ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ